## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*220 — 07.12.2018 -ലെ മറുപടി

**കിണർ റീചാർജിംഗ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, എം.ഉമ്മർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കിണറുകൾ റീചാർജ് ചെയ്യുന്ന നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | എ) | ഭൂജലവകുപ്പിന്റെ 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതിയിൻ കീഴിൽ തുറന്നകിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണ, ചെറിയ തടയണ എന്നിവയുടെ നിർമ്മാണം, എന്നിവ വഴി കിണറുകൾ റീചാർജ്ജ് ചെയ്യുന്ന 2018-19 സാമ്പത്തിക വർഷത്തിൽ 102 പ്രൊപ്പോസലുകൾക്ക് 189 ലക്ഷം രൂപയുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 97 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾക്കും 5 കുഴൽകിണർ റീചാർജ്ജ് പദ്ധതികൾക്കും ഭരണാനുമതി ലഭ്യമാക്കിയതിൻപ്രകാരം ജില്ലകളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്ന കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഓരോ പദ്ധതി വീതം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ ഈ സാമ്പത്തിക വർഷം നാളിതുവരെ 5761 റീച്ചാർജ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുകയും 3677 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പരിപാടിയുടെ ഭാഗമായി കിണർ റീചാർജിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18, 2018-19 എന്നീ സാമ്പത്തിക വർഷത്തെ പദ്ധതികളിലായി 10 വീതം ഗ്രാമ പഞ്ചായത്തുകളെയാണ് പദ്ധതി നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്തിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ കിണർ റീചാർജിംഗ് പരിപാടി നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളുടെ തിരഞ്ഞെടുപ്പ് പൂർത്തിയായിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് പൊതുജനത്തിന് വേണ്ടത്ര അവബോധമില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി) | ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥികൾക്കും ബോധവത്കരണ സെമിനാറുകൾ ജില്ലകളിൽ സംഘടിപ്പിച്ചു വരുന്നു. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്ന വിവിധ നീർത്തട പരിശീലന പരിപാടികളിലും കിണർ റീചാർജ്ജിംഗ് പ്രവർത്തിയെക്കുറിച്ച് ബോധവൽക്കരണം നടത്താറുണ്ട്. |
| സി) | എങ്കിൽ കിണർ റീചാർജിംഗ് സാർവ്വത്രികമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; | സി) | ഭൂജല വകുപ്പിന് 2018-19 സാമ്പത്തിക വർഷം 350 ലക്ഷം രൂപയാണ് കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്. ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്ന ഇത്തരം ഓരോ പദ്ധതിയ്ക്കും ഏകദേശം 2 ലക്ഷം രൂപ വീതമാണ് ചെലവാകുന്നത്. അധികഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും |

| | | | |
|---|---|---|---|
| | | | സാങ്കേതിക പഠനങ്ങളുടെ അടിസ്ഥാനത്തിലും ഇത്തരം പദ്ധതികൾ ഘട്ടംഘട്ടമായും സാർവ്വത്രികമായും ഭൂജലവകുപ്പിന് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.<br>മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യിൽ ഉൾപ്പെടുത്തി തൊഴിൽ കാർഡുള്ള സന്നദ്ധ കുടുംബങ്ങളുടെ വീട്ടിൽ കിണർ റീചാർജ്ജിംഗ് ചെയ്തു നൽകാൻ കഴിയുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതിക്കായി മലപ്പുറം ജില്ലയിൽ നടപ്പുസാമ്പത്തിക വർഷം എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; അതിൽ എത്ര രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ഡി) | മലപ്പുറം ജില്ലയിൽ നിന്നും 11 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട് ഈ പ്രൊപ്പോസലുകൾക്കെല്ലാം തന്നെ ഭരണാനുമതി നല്കിയിട്ടുണ്ട് ഇതിനായി 9.47 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ 1146 കിണർ റീച്ചാർജ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുത്തതിൽ 839 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ആയതിലേക്ക് 44,49,565/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ